കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

2(1278) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായി എന്തു തുക കിട്ടി എന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ വിവിധയിനങ്ങളിലായി എന്തു തുക കിട്ടി എന്ന് അറിയിക്കുമോ;

(സി) ഈ വർഷം ഇനി എന്ത് തുക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായിക്കിട്ടിയ തുക താഴെകാണും പ്രകാരമാണ്.

(തുക കോടിയിൽ)

വർഷം	കേന്ദ്രനികുതി	ഗ്രാന്റ്	വായ്പ	ആകെ
1996-97	1242.65	490.13	539.94	2272.72
1997-98	1271.74	793.31	567.15	2632.20
1998-99	1382.30	608.60	869.59	2860.49
1999-00	1535.22	682.31	1072.96	3290.49
2000-01	1585.61	615.90	483.11	2684.42

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2001-05 വരെ) കേന്ദ്ര സർക്കാരിൽ നിന്നും വിവിധയിനങ്ങളിലായിക്കിട്ടിയ തുക താഴെ കാണും പ്രകാര മാണ്.

(തുക കോടിയിൽ)

വർഷം	കേന്ദ്രനികുതി	ഗ്രാന്റ്	വായ്പ	ആകെ
2001-02	1614.26	975.33	780.69	3370.28
2002-03	1715.22	938.37	1192.86	3846.45
2003-04	2012.01	907.61	968.17	3887.79
2004-05	2404.95	1312.80	1482.11	5199.86

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട തുക താഴെ കാണും പ്രകാരമാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ വ്യക്തമായി ഇത്ര തുക ലഭിച്ചു എന്ന് പറയാൻ സാധിക്കുകയുള്ളൂ.

(തുക കോടിയിൽ)

വർഷം	കേന്ദ്രനികുതി	ഗ്രാന്റ്	വായ്പ	ആകെ
2005-06 ബജറ്റ് എസ്റ്റിമേറ്റ്	3003.37	1670.67	1521.25	6195.29

സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് നടപടി

3(1279) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല മേഖലയിൽ എത്ര കോടി രൂപയുടെ ആസ്തികൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനം സ്വീകരിക്കുന്ന വായ്പകളുടെ പ്രത്യുൽപ്പാദനകരമായ വിനിയോഗത്തിന്റെ നിരീക്ഷണത്തിനായി സാമ്പത്തിക വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് പല നടപടികളും എടുത്തിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കുവാനായി റവന്യൂ കമ്മി നിജപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട്-2003 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് - 2003 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ വിവിധ വായ്പകളുടെ പലിശയിനത്തിലുള്ള ബാദ്ധ്യത കുറച്ചുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly